കേരളാ കൈരളി ടൈംസ്

WWW.KERALATIMES.COM

news@keralatimes.com

OCTOBER 2025 EDITION

"മാധ്യമത്തിന്റെ പൊരുൾ സത്യം തന്നെയാണ്"



മാധ്യമലോകം ഇന്ന് അതിവേഗമാറ്റങ്ങളുടെ കാലഘട്ടത്തിലാണ്. വിവരങ്ങൾ നിമിഷങ്ങൾക്കകം ലോകമെമ്പാടും പരക്കുന്ന ഈ ഡിജിറ്റൽ യുഗത്തിൽ, വേഗമാണ് മുൻതൂക്കം നേടുന്നത്. എന്നാൽ അതിനൊപ്പം മറക്കപ്പെടുന്നത് സത്യം തന്നെയാണ്. വേഗതയേക്കാൾ പ്രാധാന്യം നൽകേണ്ടത് കൃത്യതയ്ക്കും വിശ്വാസ്യതയ്ക്കുമാണ് — ഇതാണ് മാധ്യമത്തിന്റെ ആത്മാവിന്റേയും, നിലനില്പിന്റെയും ആധാരം.മാധ്യമപ്രവർത്തനം ഒരു തൊഴിൽമാത്രമല്ല, അത് ഒരു സാമൂഹിക ദൗത്യം കൂടിയാണ്. ഓരോ വാർത്തയും ഓരോ ചിത്രവും സമൂഹത്തെ സ്വാധീനിക്കാൻ, ഉണർത്താൻ, മാറ്റം വരുത്താൻ കഴിവുള്ളതാണ്. അതിനാൽ തന്നെ, മാധ്യമപ്രവർത്തകൻ കൈകാര്യം ചെയ്യുന്ന ഓരോ വാക്കിനും ഉത്തരവാദിത്വമുണ്ട്.

ഇന്ന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സോഷ്യൽ മീഡിയ, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ എന്നിവ മാധ്യമരംഗത്തെ ഒരു പുതുനാളിലേക്കാണ് നയിക്കുന്നത്. പക്ഷേ സാങ്കേതിക വിദ്യയേക്കാൾ പ്രധാനപ്പെട്ടത് മനുഷ്യവിലകളാണ്. സത്യം, നീതി, കരുണ, ധാർമികത — ഇവയാണ് മാധ്യമത്തിന്റെ അടിത്തറ.
വാർത്ത പ്രസിദ്ധീകരിക്കുന്നതിനു മുൻപ് "ഇത് സത്യസന്ധമാണോ?", "ഇത് സമൂഹത്തിനുള്ളതാണ്തോ?" എന്ന ചോദ്യം ഓരോ മാധ്യമപ്രവർത്തകനും മനസ്സിൽ ചോദിക്കണം. ജനങ്ങളുടെ വിശ്വാസമാണ് മാധ്യമത്തിന്റെ ഏറ്റവും വലിയ മൂലധനം. അത് നഷ്ടപ്പെട്ടാൽ, എല്ലാ സാങ്കേതികവിദ്യകളും ഉപകരണങ്ങളുമൊക്കെ വിലയില്ലാത്തവയാകും.

കേരളാ ടൈംസ് കഴിഞ്ഞ ദശാബ്ദങ്ങളായി ലോകമെമ്പാടുമുള്ള മലയാളി സമൂഹത്തെ ബന്ധിപ്പിക്കുന്നതിൽ സത്യസന്ധതയും ഉത്തരവാദിത്വവും മുൻനിർത്തിയാണ് പ്രവർത്തിച്ചുവരുന്നത്. മാധ്യമത്തിന്റെ ദൗത്യം ജനങ്ങളെ വിഭജിക്കാനല്ല, ബന്ധിപ്പിക്കാനാണ് — അത് സമൂഹത്തെ ഉണർത്തുകയും, നീതിയോടും കരുതലോടും കൂടിയ ഒരു കാഴ്ചപ്പാട് വളർത്തുകയും വേണം.യുവ മാധ്യമപ്രവർത്തകർ ഓർമ്മിക്കേണ്ടതുണ്ട്: അവാർഡുകളും അംഗീകാരങ്ങളും പ്രചോദനങ്ങളാണ്, പക്ഷേ വായനക്കാരുടെ വിശ്വാസം മാത്രമാണ് യഥാർത്ഥ പുരസ്കാരം. അതാണ് മാധ്യമത്തിന്റെ ജീവൻ.സത്യസന്ധതയോടെയും ധൈര്യത്തോടെയും മനുഷ്യനെ കേന്ദ്രീകരിച്ചുള്ള മാധ്യമപ്രവർത്തനം നിലനിൽക്കട്ടെ. വാക്കുകൾ വെറും വിവരമല്ല, അതൊരു ഉത്തരവാദിത്വമാണ് — ഒരു ആത്മധർമ്മം."സത്യമാണ് മാധ്യമത്തിന്റെ ആത്മാവ്; അതിനെ സംരക്ഷിക്കുക നമ്മുടെ ഉത്തരവാദിത്വമാണ്."

പോൾ കറുകപ്പിള്ളിൽ
മാനേജിംഗ് എഡിറ്റർ, കേരളാ ടൈംസ്

11th ഇന്റർനാഷണൽ മീഡിയ കോൺഫറൻസ് & അവാർഡ് നൈറ്റ്

ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാമത് അന്തർദേശീയ മീഡിയാ കോൺഫറൻസ് ഒക്ടോബർ 9, 10, 11 തീയ്യതികളിൽ ന്യൂജേഴ്സിയിലെ എഡിസൺ ഷെറാട്ടൺ ഹോട്ടൽ സമുച്ചയത്തിൽ അരങ്ങേറുകയാണ്. കേരളത്തിലും അമേരിക്കയിലും നിന്നുള്ള പ്രമുഖ മാധ്യമ, കലാ, സാംസ്കാരിക, സാമൂഹ്യ വ്യക്തികൾ പങ്കെടുക്കുന്ന ഈ കോൺഫറൻസ്, അമേരിക്കന് മലയാളികൾക്ക് ഒരവിസ്മരണീയ അനുഭവമായിരിക്കുമെന്ന് പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ, സെക്രട്ടറി ഷിജോ പൗലോസ്, ട്രഷറർ വിശാഖ് ചെറിയാന്, അഡ്വൈസറി ബോർഡ് ചെയർമാന് സുനിൽ തൈമറ്റം, നിയുക്ത പ്രസിഡന്റ് രാജു പള്ളത്ത്, വൈസ് പ്രസിഡന്റ് അനിൽ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രഷറർ റോയ് മുളകുന്നം, കോൺഫറന്സ് ചെയർമാന് സജി എബ്രഹാം, ഹോസ്റ്റിംഗ് ചാപ്റ്റർ ന്യൂയോർക്ക് പ്രസിഡന്റ് ഷോളി കുമ്പിളുവേലിൽ എന്നിവർ അറിയിച്ചു. ഇതിനായുള്ള ഒരുക്കങ്ങൾ ധൃതഗതിയിലും സമയബന്ധിതമായും പുരോഗമിക്കുന്നു.
ഒരു നൂറ്റാണ്ടിനു മുമ്പുതന്നെ അമേരിക്കയിൽ പ്രസ് ക്ലബ് പ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. 1908-ൽ തന്നെ വാഷിംഗ്ടണ് ഡി.സി.യിൽ The National Press Club പ്രവർത്തനം ആരംഭിച്ചു. ഒരേ മേഖലയിൽ പ്രവർത്തിക്കുന്ന പത്രപ്രവർത്തകർക്ക് സായാഹ്നങ്ങളിൽ ഒരുമിച്ചു കൂടുന്നതിനും, സൗഹൃദങ്ങൾ പങ്കുവെക്കുന്നതിനും, ഒന്ന് 'റിലാക്സ്' ചെയ്യുന്നതിനുമുള്ള ഒരു വേദിയായിരുന്നു അത്. അതേ രീതിയിലുള്ള ഒരു തുടക്കമായിരുന്നു ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടേത് കൂടെ.
അമേരിക്കയിലെ മലയാള വാർത്താ വിനിമയ രംഗം എപ്പോഴാണ് ആരംഭിച്ചതെന്ന് കൃത്യമായി പറയുവാന് പ്രയാസമാണ്. നാട്ടിൽ നിന്നുള്ള ബന്ധുമിത്രാദികളുടെ കത്തുകളിലൂടെയും, പിന്നീട് കൈയെഴുത്തുപ്രതികളായി രൂപം പ്രാപിച്ച വെട്ടി-ഒട്ടിക്കൽ പ്രസിദ്ധീകരണങ്ങളിലൂടെയും അതിന്റെ തുടക്കം കണ്ടതായി അനുമാനിക്കാം. പേരിനൊരു പത്രാധിപസമിതി ഉണ്ടായിരുന്നെങ്കിലും, പല പ്രസിദ്ധീകരണങ്ങളും ഒറ്റയാള് സംരംഭമായിരുന്നു എന്നതാണ് വാസ്തവം. വലിയ ആവേശത്തോടും പ്രതീക്ഷകളോടും തുടങ്ങിയ ഈ പ്രസിദ്ധീകരണങ്ങൾ സാമ്പത്തിക പരിമിതികളാൽ പലതും അകാല ചരമമടഞ്ഞു.
ആധുനിക സാങ്കേതികവിദ്യയുടെ വളർച്ചയോടൊപ്പം ഓണ്ലൈന് പ്രസിദ്ധീകരണങ്ങളുടെ പ്രളയമുണ്ടായി. 'വാളെടുക്കുന്നവനെല്ലാം വെളിച്ചപ്പാട്' എന്ന തരത്തിൽ ദിവസേന ഈ ഓണ്ലൈന് പ്രസ്ഥാനങ്ങളുടെ എണ്ണം പെരുകുകയാണ്. ആരോഗ്യകരമായ മത്സരം എന്നതിലുപരി, അളവിൽ അധികമായ ആവർത്തനമാണ് ഈ രംഗത്ത് നടക്കുന്നത്. കുറേക്കാലം കഴിയുമ്പോൾ ഇതിൽ നിന്നു പലതും ആരാലും ശ്രദ്ധിക്കപ്പെടാതെ കൊഴിഞ്ഞുപോകുന്നു.
അമേരിക്കന് മലയാള മാദ്ധ്യമരംഗത്ത് ഒരു പുതിയ അധ്യായം തുറന്നുകൊണ്ട്, 2000-കളുടെ തുടക്കത്തിൽ ഏഷ്യാനെറ്റും കൈരളിയും അവരുടെ നോർത്ത് അമേരിക്ക പ്രക്ഷേപണം ആരംഭിച്ചു. മലയാളികളുടെ എല്ലാ ചടങ്ങുകളും ടി.വി. ചാനലുകൾ കവറേജ് ചെയ്യണമെന്ന് സംഘാടകർ ആവശ്യപ്പെടുന്ന സാഹചര്യം ഉണ്ടായി. ടെലിവിഷനിൽ തങ്ങളുടെ മുഖം പ്രത്യക്ഷപ്പെടുമ്പോൾ ലഭിക്കുന്ന 'സ്റ്റാർ വാല്യു' കൊണ്ടുള്ള ആവേശം അവരുടെ ഭാഗത്ത് കാണാമായിരുന്നു. ടി.വി. പ്രവർത്തകർ ക്യാമറമാന്മാരെ കൂട്ടി ദൂരെ സ്ഥലങ്ങളിലേക്കു പോലും ചെലവു സഹിച്ച് എത്തി പരിപാടികൾ കവറേജ് ചെയ്യുമ്പോഴും, സംഘാടകരിൽ നിന്നും ന്യായമായ പ്രതിഫലം ലഭിക്കാതെ പെട്ടെന്ന് തന്നെ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നു.







ഒരുമിച്ചു നിന്നാല് ന്യായമായ അവകാശം ഉറപ്പിക്കാനാവുമെന്ന് തിരിച്ചറിഞ്ഞ് ഈ ബോധോദയം ആദ്യമായി അനുഭവിച്ചത് ഏഷ്യാനെറ്റിലെ സുനിൽ ട്രൈസ്റ്റാറും കൈരളിയിലെ ജോസ് കാടാപുറത്തും ആയിരുന്നു. അവരുടെ സംയുക്ത ചിന്തയിൽ നിന്നാണ് പ്രസ് ക്ലബ് എന്ന ആശയത്തിന് തുടക്കം. അവരുടെ അഭ്യർത്ഥന പ്രകാരം പത്രപ്രവർത്തകരായ ജേക്കബ് റോയി, ടാജ് മാത്യു, ജെ. മാത്യൂസ്, റെജി ജോർജ്, ജോർജ് തുമ്പയിൽ, സിബി ഡേവിഡ്, ജോർജ് ജോസഫ് തുടങ്ങിയവർ ഒരുമിച്ചു കൂടി ആശയവിനിമയം നടത്തി. അതിന്റെ ഫലമായി 2004-2005 കാലഘട്ടത്തിൽ ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ജന്മം കണ്ടു.
2006-ൽ ന്യൂയോർക്കിൽ, മലയാള മനോരമ എഡിറ്റോറിയൽ ഡയറക്ടർ ബോർഡിലെ ജേക്കബ് തോമസ് പങ്കെടുത്ത സമ്മേളനത്തോടെ, പ്രസ് ക്ലബ്ബിന്റെ ലക്ഷ്യവും കാഴ്ചപ്പാടും വ്യക്തമായി. തുടർന്ന് ഷിക്കാഗോയിലെ ജോസ് കണിയാലി പ്രസിഡന്റായും, ന്യൂയോർക്കിലെ ടാജ് മാത്യു സെക്രട്ടറിയായും ചുമതലയേറ്റപ്പോൾ, പ്രസ് ക്ലബ് കൂടുതൽ ഉയരങ്ങളിലെത്തി. മനോരമയിലെ ജോണി ലൂക്കോസ്, ഏഷ്യാനെറ്റിലെ ശ്രീകണ്ഠൻ നായർ, കൈരളിയിലെ ജോൺ ബ്രിട്ടാസ് തുടങ്ങിയ പ്രമുഖരുടെ സജീവ സംവാദങ്ങളും തമാശകളും ആ സമ്മേളനത്തെ മറക്കാനാവാത്ത അനുഭവമാക്കി. സമയപരിധിയോട് അനുസൃതമായ കൃത്യമായ നടത്തിപ്പ് മറ്റുള്ളവർക്കും മാതൃകയാക്കി.
ചെറിയ ലക്ഷ്യങ്ങളോടുകൂടി ആരംഭിച്ച ഈ സംരംഭം ഇന്ന് വളർന്ന് പന്തലിച്ച് ഒരു മഹത്തായ പ്രസ്ഥാനമായി മാറിയിരിക്കുന്നു. പത്രപ്രവർത്തകരെ മാത്രമല്ല, സമൂഹത്തിന്റെ വിവിധ മേഖലകളിൽ മികവ് തെളിയിച്ച നിരവധി പേർ ഇന്ന് ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ അവിഭാജ്യ ഘടകങ്ങളാണ്. അവരുടെ സാന്നിധ്യവും സാമ്പത്തിക പിന്തുണയും പ്രസ് ക്ലബ് സമ്മേളനങ്ങളെ ഉന്നത നിലവാരത്തിലേക്ക് നയിക്കുന്ന പ്രധാന ശക്തിയാണ്.
യൗവനകാലത്ത് തന്നെ വാർത്താവിതരണ രംഗത്ത് മികവ് തെളിയിച്ച പാരമ്പര്യമുള്ള സുനിൽ ട്രൈസ്റ്റാർ പ്രസിഡന്റായുള്ള പ്രസ് ക്ലബ്ബിന്റെ ന്യൂജേഴ്സി സമ്മേളനം ഉയർന്ന നിലവാരം പുലർത്തുമെന്നതിൽ സംശയമില്ല. അമേരിക്കൻ മലയാള മാധ്യമരംഗത്തിന്റെ അഭിമാനമായ ഈ സംഘടനയുടെ പ്രവർത്തനം, മാധ്യമമേഖലയിലും സമൂഹത്തിലും പുതുചൈതന്യത്തിന് വഴിയൊരുക്കട്ടെ എന്നാശംസിക്കുന്നു.



11th INTERNATIONAL MEDIA CONFERENCE & AWARD NIGHT
OCTOBER 2025 EDITION


IPCNA CONVENTION STARTING NJ MEET AND GREET

















11th INTERNATIONAL MEDIA CONFERENCE & AWARD NIGHT
OCTOBER 2025 EDITION

മാധ്യമ ലോകത്തിലെ പ്രതിഭകളെ ഒരുമിപ്പിക്കുന്ന ഈ അന്താരാഷ്ട്ര മാധ്യമ കോൺഫറൻസ്

ഒരു മഹത്തായ ആഘോഷ നിമിഷമാണ്. സത്യത്തിനും നീതിക്കും വേണ്ടി കഴിവും ടെക്നോളജിയും ബുദ്ധിയും വാക്കും തൂലിക കൈയിൽ എടുത്തവർ ഒന്നിച്ചുചേരുന്ന ഈ സംഗമം പ്രചോദനത്തിന്റെ പ്രതീകമാണ്.

ഇന്ത്യയിൽ നിന്ന് പങ്കെടുക്കുന്ന എല്ലാ മാധ്യമ പ്രതിനിധികൾക്കും ഹൃദയപൂർവ്വമായ സ്വാഗതം.നിങ്ങളുടെ സാന്നിധ്യം ഈ സംഗമത്തിന് ആഗോള മുഖച്ഛായ നൽകുന്നു. ന്യൂ ജേഴ്സിയിൽ സംഘടിപ്പിച്ച പതിനൊന്നാമത് കോൺഫറൻസിന്റെ വിജയത്തിനായി ആത്മാർത്ഥമായി പരിശ്രമിച്ച എല്ലാ ചാപ്റ്ററുകൾക്കും, എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ഹൃദയപൂർവ്വം നന്ദിയും അഭിനന്ദനവും അറിയിക്കുന്നു. നിങ്ങളുടെ സമർപ്പിതമായ സേവനവും കൂട്ടായ മനോഭാവവുമാണ് ഈ വിജയത്തിന്റെ അടിത്തറ.

മുൻകാല എക്സിക്യൂട്ടീവ് അംഗങ്ങളെയും ഈ അവസരത്തിൽ ആദരപൂർവ്വം ഓർക്കുന്നു. നിങ്ങളുടെ ദീർഘദർശനമാണ് ഈ കൂട്ടായ്മയെ ഇന്നത്തെ ഈ ഉയരത്തിലേക്ക് എത്തിച്ചത്. നിങ്ങൾ വിതച്ച വിത്തുകൾ ഇന്ന് വിജയത്തിന്റെ വൃക്ഷമായി വളർന്നു.

സുനിലിന്റെ നേതൃത്വത്തിലുള്ള നിലവിലെ എക്സിക്യൂട്ടീവ് ടീമിനും അഭിനന്ദനങ്ങൾ. നിങ്ങളുടെ നേതൃത്വവും ഏകകൃതമായ പരിശ്രമവുമാണ് ഈ സമ്മേളനത്തിന് തിളക്കം പകർന്നത്.

അഡ്വൈസറി ബോർഡ് അംഗങ്ങൾക്കും അവരുടെ വിലമതിക്കാനാവാത്ത മാർഗ്ഗനിർദേശത്തിനും പിന്തുണയ്ക്കും ഹൃദയപൂർവ്വം നന്ദി. വ്യക്തികളുടെതല്ല, കൂട്ടായ പരിശ്രമമാണ് യഥാർത്ഥ വിജയത്തിന്റെ രഹസ്യം. ഇത് ഭാവി തലമുറകൾക്ക് പ്രചോദനമാകട്ടെ.

മാധ്യമ സ്വാതന്ത്ര്യത്തിനും സത്യത്തിനും വേണ്ടി നിലകൊള്ളുന്ന ഇന്ത്യ പ്രസ് ക്ലബ് നോർത്ത് അമേരിക്കയുടെ ഈ യാത്ര എന്നും പ്രകാശിക്കട്ടെ. കാനഡയിൽ നിന്ന് എല്ലാ സഹപ്രവർത്തകർക്കും — ബിഗ് സല്യൂട്ട്!





ഐപിസിഎൻഎ കൺവെൻഷന് കേരള ടൈംസ് ആശംസകൾ നേരുന്നു

ന്യൂജേഴ്സി • അമേരിക്കൻ മലയാള മാധ്യമരംഗത്തിന്റെ അഭിമാനമായ ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക (ഐപിസിഎൻഎ)യുടെ കൺവെൻഷന് കേരള ടൈംസ് പത്രം ഹൃദയം നിറഞ്ഞ ആശംസകൾ അർപ്പിക്കുന്നു. മാധ്യമപ്രവർത്തകരുടെ സംഗമമെന്നതിലുപരി, മാനവിക മൂല്യങ്ങളുടെയും പൗരധർമ്മ ബോധത്തിന്റെയും പുനർസ്ഥാപനത്തിനുള്ള പ്രസ്ഥാനമായി മാറുന്ന ഈ കൺവെൻഷൻ, അമേരിക്കൻ മലയാളികളുടെ സാമൂഹിക–സാംസ്കാരിക ബോധത്തിൽ പുതുജീവൻ പകരുന്ന വേളയായി കേരള ടൈംസ് വിലയിരുത്തുന്നു.

സുനിൽ ട്രൈസ്റ്റാർ, ഷിജോ പൗലോസ്, വിശാഖ് ചെറിയാൻ, രാജു പള്ളത്ത്, സുനിൽ തൈമറ്റം എന്നിവരുടെ സമന്വയ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഈ മഹാസമ്മേളനം, മാധ്യമപ്രവർത്തകരുടെ ആത്മപരിശോധനക്കും ആശയവിനിമയത്തിനും സൃഷ്ടിപരമായ വഴിത്താരകൾ തുറക്കുന്നുവെന്നത് അഭിമാനകരമാണ്.

പി.ഡി. ജോർജ് നടവയലിന്റെ “അല”, “ഇല”, “ഉല” എന്ന പ്രതീകാത്മക സംഗ്രഹണം കൺവെൻഷന് ആത്മസാരമായ പ്രതിനിധാനമായി മാറുന്നു. അലയൊലിയിലൂടെ സ്വത്വബോധം ഉണർത്തുന്ന “അല”, ജീവൻ പകരുന്ന “ഇല”, അനുഭവങ്ങളുടെ ഉലയിലൂടെ വളർച്ച നേടുന്ന “ഉല” — ഈ മൂന്നു വാക്കുകൾ ഐപിസിഎൻഎയുടെ പ്രവർത്തനശക്തിയും ലക്ഷ്യദിശയും പ്രതിഫലിപ്പിക്കുന്നു.

വ്യാജവാർത്തകളും വ്യക്തിപരമായ അജണ്ടകളും സമൂഹത്തെ തെറ്റിദ്ധരിപ്പിക്കുന്ന ഈ കാലഘട്ടത്തിൽ, പത്രലോകം ജനാധിപത്യ മൂല്യങ്ങളുടെ കാവൽക്കാരായിത്തീരേണ്ടതുണ്ടെന്ന് കേരള ടൈംസ് എഡിറ്റോറിയൽ ബോർഡ് നിരീക്ഷിക്കുന്നു. അമേരിക്കൻ മലയാളികളുടെ പൗരബോധ വളർച്ചയ്ക്കും മാധ്യമനൈതികതയുടെ ശക്തീകരണത്തിനും ഈ കൺവെൻഷൻ നിർണായകമായ സംഭാവന നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

കേരളത്തിലെ സാമൂഹിക–രാഷ്ട്രീയ സാഹചര്യങ്ങൾ, മാധ്യമങ്ങളുടെ ഉത്തരവാദിത്വബോധം ആവശ്യപ്പെടുന്ന ഘട്ടത്തിലാണ്. ആ സാഹചര്യത്തിൽ വിദേശത്തുനിന്ന് മലയാള പത്രപ്രവർത്തകർ പുതുനാമ്പുകൾ കിളിർപ്പിക്കുന്ന പുനർവിചിന്തനത്തിനും മാതൃഭൂമിയോടുള്ള പ്രണയത്തിനും മാതൃകയാകട്ടെ എന്നാശംസിക്കുന്നു.

മാധ്യമരംഗത്തിന്റെ പുരോഗതിക്കും സാമൂഹിക സമഗ്രതയ്ക്കുമായി പ്രവർത്തിക്കുന്ന ഐപിസിഎൻഎയുടെ എഡിസൺ കൺവെൻഷൻ പത്രലോകത്തിന് പുതിയ ദിശാബോധം പകരട്ടെ. കേരള ടൈംസ് പത്രം ഐപിസിഎൻഎയെയും സംഘാടകരെയും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും വിജയാശംസകളും അർപ്പിക്കുന്നു.

‘നാട് വിട്ടപ്പോൾ ഭിന്നത മറന്നു, ഐക്യം നേടി’; ഇന്ത്യ പ്രസ് ക്ലബ് സമ്മേളനത്തിൽ വി.കെ. ശ്രീകണ്ഠൻ എംപി

എഡിസൺ (ന്യൂജഴ്സി): നാട് വിട്ടപ്പോൾ ഭിന്നതകൾ മറന്ന് ഐക്യം സ്വന്തമാക്കിയത് മാതൃകയാക്കേണ്ട കാര്യമാണെന്ന് കോൺഗ്രസ് എംപി വി.കെ. ശ്രീകണ്ഠൻ പറഞ്ഞു. ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാമത് അന്താരാഷ്ട്ര കോൺഫറൻസിന്റെ ഭാഗമായി എഡിസണിലെ ഷെറാട്ടണിൽ നടന്ന ‘മീറ്റ് ആൻഡ് ഗ്രീറ്റ്’ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

രണ്ടു പതിറ്റാണ്ടിലേറെയായി ഭിന്നതകളില്ലാതെ സംഘടന പ്രവർത്തിക്കുന്നതിനു പിന്നിൽ വിദേശത്തേക്കു വർഷങ്ങൾക്കുമുമ്പ് കുടിയേറിയ മലയാളികളുടെ കൂട്ടായ്മയാണെന്നും, കേരളത്തിന്റെ ഒരു പരിച്ഛേദമായി അവർ മാറിയിരിക്കു കയാണെന്നും എംപി പറഞ്ഞു.

റാന്നി എംഎൽഎ പ്രമോദ് നാരായൻ കവ്യാത്മകമായ പ്രസംഗം നടത്തി. “വിത്ത് വൃക്ഷമാകുന്ന ചേതോഹര പ്രക്രിയയിൽ നനച്ച വേരുകൾ മലയാളമാണ്; ആ വേരുകളെ തേടിയുള്ള ശ്രമമാണ് മലയാളി സംഘടനകളും മാധ്യമപ്രവർത്തനവും,” എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

മാധ്യമ പ്രവർത്തകരുടെ സമർപ്പണം പ്രശംസിച്ച് പ്രസ് ക്ലബ് പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർക്ക് നന്ദി അറിയിച്ചു. “ഗാർസിയ മാർക്കേസിന്റെ വാക്കുകൾ പോലെ ഈ സമ്മേളനത്തിന്റെ ഓർമ്മകൾ ഹൃദയത്തിൽ മിഴിവാർന്നതാകട്ടെ,” എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.



OCTOBER 2025 EDITION

ഇൻഡ്യാ പ്രസ് ക്ലബ് ന്യു ജേഴ്സി കോണ്ഫറന്സിന് എഡിസൺ ഷെറാട്ടണിൽ വ്യാഴാഴ്ച്ച തിരി തെളിയുന്നു




എഡിസൺ (ന്യു ജേഴ്സി): അമേരിക്കയിലെ മാധ്യമ പ്രവർത്തകരുടെ കൂടിച്ചേരലിന് എഡിസണിലെ ഷെറാട്ടൺ ഹോട്ടലിൽ വ്യാഴാഴ്ച്ച തിരി തെളിയുന്നു. വൈകുന്നേരം 7 മണിക്ക് മീറ്റ് ആൻഡ് ഗ്രീറ്റ്. ഫൊക്കാന-ഫോമാ കൺവന്ഷനുകള് കഴിഞ്ഞാല് അമേരിക്കയിലെ ഏറ്റവും വലിയ സെക്കുലര് സമ്മേളനമായ ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോര്ത്ത് അമേരിക്കയുടെ പത്താമത് അന്തര്ദേശീയ കോണ്ഫറന്സിനാണ് ഷെറാട്ടൺ വേദിയാവുന്നത് .ഒക്ടോബർ 9, 10, 11 തീയതികളിലായി നടക്കുന്ന സമ്മേളനത്തിൽ വി.കെ ശ്രീകണ്ഠൻ എം.പി, റാന്നി എം എൽ എ പ്രമോദ് നാരായൺ എന്നിവർ കേരളം രാഷ്ട്രീയത്തെ പ്രതിനിധീകരിക്കുന്നു.കേരളത്തിലെ മുഖ്യധാരാ മാധ്യമ പ്രതിനിധികളെ പങ്കെടുപ്പിച്ചു കൊണ്ടാണ് പതിവ് പോലെ ഇത്തവണയും കോൺഫറൻസ്. അമേരിക്കയിലും നാട്ടിലുമുള്ള മാധ്യമ പ്രമുഖര് നയിക്കുന്ന സെമിനാറുകള് മാറിക്കൊണ്ടിരിക്കുന്ന മാധ്യമ രംഗത്തെപറ്റി പുത്തന് അവബോധം പകരും.കേരളത്തിൽ നിന്നും മാധ്യമരംഗത്തെ കുലപതി കുര്യൻ പാമ്പാടി, ജോണി ലൂക്കോസ് - മനോരമ ന്യൂസ്, അബ്ജോദ് വറുഗീസ് - ഏഷ്യാനെറ്റ് ന്യൂസ്, ഹാഷ്മി താജ് ഇബ്രാഹിം - 24 ന്യൂസ്, സുജയാ പാർവതി - റിപ്പോർട്ടർ ചാനൽ, മോത്തി രാജേഷ് - സീനിയർ സബ് എഡിറ്റർ, മാതൃഭൂമി ടി വി, ലീൻ ബി ജെസ്മസ് - ന്യൂസ് 18 എന്നിവർ മീഡിയയെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്നു.ഒക്ടോബർ 10 വെള്ളിയാഴ്ച്ച പ്രസിഡൻഷ്യൽ നൈറ്റും മ്യൂസിക്കൽ ഗാലയും വേറിട്ടതാവും. പഴയ കാല പാട്ടുകളുടെ സംഗീത രാത്രിയിൽ ശാലിനി, ജെംസൺ, ഷിറാസ്, ജയന്ത്, അശ്വതി, സിജി ആനന്ദ്, കിരൺ, ജയറാം എന്നിവർ പങ്കെടുക്കുന്നു. ഇതോടനുബന്ധിച്ച് ഒരുക്കിയിരിക്കുന്ന നൃത്തോത്സവിൽ മാസ്മരിക നൃത്ത വിരുന്നിന്റെ ചടുല താളങ്ങളുമായി പ്രമുഖ നർത്തകികൾ അണിചേരും. മാലിനി നായർ - സൗപർണിക ഡാൻസ് അക്കാദമി, രേഖ പ്രദീപ് - ടീം മുദ്ര, റുബീന സുധർമൻ - വേദിക പെർഫോമിംഗ് ആർട്സ്, ബിന്ധ്യ ശബരിനാഥ് - മയൂര സ്കൂൾ ഓഫ് ഡാൻസ് എന്നിവരുടെ നേതൃത്വത്തിൽ ഒരുക്കിയിരിക്കുന്ന നൃത്ത വിസ്മയം പ്രസിഡൻഷ്യൽ നൈറ്റിന് നിറം പകരുമെന്നുറപ്പ്.

ടീം DHO7ഒരുക്കുന്ന കലാ വിരുന്നും കാണികളുടെ മനം കവരും.തികച്ചും പ്രൊഫഷണല് ആയി ഒരുക്കിയിരിക്കുമ്പോഴും ഫീസോ രജിസ്ട്രേഷനോ ഇല്ലാതെ ആര്ക്കും പങ്കെടുക്കാം എന്നതാണ് പ്രസ്ക്ലബ് കോണ്ഫറന്സിനെ ജനകീയവും ഏവർക്കും ഏറെ പ്രിയങ്കരവുമാക്കുന്നത്. എല്ലാം സൗജന്യം.മുഖ്യധാരാ മാധ്യമപ്രവർത്തനം മില്യണ് കണക്കിനു ഡോളറിനു വിലസുമ്പോള് പത്തു പൈസ പോലും വരുമാനമില്ലാതെയാണ് അമേരിക്കയിലെ മാധ്യമപ്രവർത്തനമെന്ന് മുൻപൊരിക്കൽ എഴുതിയത് ഇവിടെ ആവർത്തിക്കുന്നു.

സമ്മേളനത്തിൽ വിവിധ മാധ്യമപ്രവർത്തകർക്കും സംഘടനാ നേതാക്കലക്കും അവാർഡ് നൽകും. മികച്ച അസോസിയേഷൻ ആയി ഇൻഡ്യാ പ്രസ് ക്ലബ് തിരഞ്ഞെടുത്ത മലയാളി അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഹൂസ്റ്റണെയും ആദരിക്കും.

സുനിൽ ട്രൈസ്റ്റാർ (സാമുവൽ ഈശോ) പ്രസിഡന്റ്, ഷിജോ പൗലോസ് (സെക്രട്ടറി), വിശാഖ് ചെറിയാൻ ട്രഷറർ), സുനിൽ തൈമറ്റം (അഡ്വൈസറി ബോർഡ് ചെയർമാൻ), രാജു പള്ളത്ത് (പ്രസിഡന്റ് ഇലക്ട്-2026-27), അനിൽ കുമാർ ആറന്മുള (വൈസ് പ്രസിഡന്റ്), ആഷാ മാത്യു (ജോ. സെക്രട്ടറി), റോയ് മുളകുന്നം (ജോ. ട്രഷറർ) എന്നിവരടങ്ങിയ പുതിയ ഭരണസമിതിയാണ് എഡിസൺ കോൺഫറൻസിന് നേതൃത്വം നൽകുന്നത്.കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി കോർ കമ്മിറ്റി സജീവമായി പ്രവർത്തിക്കുന്നുണ്ട്. കോൺഫറൻസ് ചെയർമാൻ: സജി ഏബ്രഹാം. ജനറൽ കൺവീനർ. ഷോളി കുമ്പിളുവേലി (ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ്). റിസപ്ഷൻ / റജിസ്ട്രേഷൻ: ബിജു കൊട്ടാരക്കര, കുഞ്ഞുമോൾ വർഗീസ്, ഡോ. തങ്കമണി അരവിന്ദ്. ഗസ്റ്റ് റിലേഷൻസ്: അനിയൻ ജോർജ്, ജിനേഷ് തമ്പി. ടൈം മാനേജ്മെന്റ്: റെജി ജോർജ് / ജോർജ് തുമ്പയിൽ. പ്രോഗ്രാം: ടാജ് മാത്യു. ഫുഡ് കമ്മിറ്റി: മധു കൊട്ടാരക്കര, സുനിൽ തൈമറ്റം. ട്രാൻസ്പോർട്ടേഷൻ: പിന്റോ ചാക്കോ, അനീഷ് ജെയിംസ്. സേഫ്റ്റി / സെക്യൂരിറ്റി കമ്മിറ്റി: ജിഷോ. സുവനീർ: മാത്തുക്കുട്ടി ഈശോ. ഓഡിയോ വിഷ്വൽസ്: ജില്ലി സാമുവേൽ.കൂടാതെ ഐപിസിഎൻഎ യുടെ മുൻ പ്രസിഡന്റുമാരായ സുനിൽ തൈമറ്റം (അഡ്വൈസറി ബോർഡ് ചെയർമാൻ), ജോർജ് ജോസഫ്, മാത്യു വർഗീസ്, ബിജു കിഴക്കേക്കുറ്റ്, ടാജ് മാത്യു, റെജി ജോർജ്, നിലവിലെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, പ്രസിഡന്റ് ഇലക്ട് - രാജു പള്ളത്ത് എന്നിവരും കോർ കമ്മിറ്റിയിൽ അംഗങ്ങളാണ്.ഒരു തരത്തിലും പണം ലഭിക്കുന്ന രീതിയിലല്ല, ഇവിടെ അമേരിക്കന് മലയാളികള് പത്രപ്രവർത്തനം നടത്തുന്നത് (ഒറ്റപ്പെട്ട ചില നല്ല പ്രവണതകളുണ്ടെന്നത് മറക്കുന്നില്ല). മോർട്ഗേജ് അടയ്ക്കേണ്ട തിരക്കാർന്ന ജോലിക്കിടയിലും വാർത്തകൾ കണ്ടെത്തി തയ്യാറാക്കി അയക്കുന്നത് ഭഗീരഥപ്രയത്നം തന്നെയാണെന്നു പറയേണ്ടി വരും.തികച്ചും സൗജന്യമായി ചെയ്യുന്ന ഈ സേവനത്തിനു (അതെ, സേവനം തന്നെ) പലപ്പോഴും ഒരു നന്ദി വാക്കുപോലും കിട്ടാറില്ലെന്നതാണു സത്യം. മുന്പ് ഉണ്ടായിരുന്ന പ്രിന്റ് മീഡിയകൾ പലതും വെബ് മീഡിയയായി മാറി. അവരടക്കം ധാരാളംപേര് ഇന്നു മലയാള പത്രപ്രവർത്തനത്തിന്റെ മുന്നിരയില് തന്നെ ഇവിടെയുണ്ട്. മാധ്യമങ്ങളോടുള്ള അടങ്ങാത്ത താല്പര്യവും അക്ഷരങ്ങളോടുള്ള പ്രതിപത്തിയും മലയാണ്മയെക്കുറിച്ചുള്ള മനസ്സുടുപ്പവുമാണ് സാമ്പത്തിക നേട്ടമൊന്നും ഇല്ലാതിരുന്നിട്ടും ഈ രംഗത്തു തന്നെ തുടരാന് ഞങ്ങളെ പ്രേരിപ്പിക്കുന്നത്.ഏഷ്യാനെറ്റ് ന്യൂസ്, കൈരളി ചാനൽ, 24 യു എസ് എ, മനോരമ ന്യൂസ്, മാതൃഭൂമി ന്യൂസ്, ഏഷ്യാനെറ്റ്, ദി മലയാളം ചാനൽ, ഫ്ളവേഴ്സ് യു എസ് എ, ഇമലയാളീ.കോം, നേർകാഴ്ച ന്യൂസ് , റിപ്പോർട്ടർ ലൈവ്, ഇൻഡ്യ ലൈഫ് ടി വി, എൻ ആർ ഐ റിപ്പോർട്ടർ, പ്രവാസി ചാനൽ, ന്യൂസ് 18 കേരളം, മീഡിയ വൺ, ജനം ടി വി, മലയാളം ട്രിബ്യുൺ, അമേരിക്കൻ മലയാളി, 24 ന്യൂസ് ലൈവ്.കോം, യു എസ് വീക്കിലി റൗണ്ട് അപ്, ഹാർവെസ്റ്റ് ടി വി -ക്രിസ്ത്യൻ ചാനൽ, കേരള ടൈംസ്, മലയാളം ഡെയിലി ന്യൂസ്, ഇൻഡ്യ ലൈഫ്, അമേരിക്ക ഈ ആഴ്ച, ഷിജോസ് ട്രാവൽ ഡയറി, കേരള ഭൂഷണം, കെ വി ടി വി, അബ്ബ ന്യൂസ്, ജനനി, പവർ വിഷൻ, മലയാളി മനസ് തുടങ്ങി മലയാള മാധ്യമ സമൂഹത്തിന്റെ മുഴുവൻ പിന്തുണയോടെയും ആശംസകളോടെയുമാണ് ഐ പി സി എൻ എ യുടെ 10-□□ മീഡിയ കോൺഫറൻസും അവാർഡ് നൈറ്റും അരങ്ങേറുന്നത്.സാജൻ & മിനി സാജൻ -സാജ് ഗ്രൂപ്പ് ഹോട്ടൽസ് ആൻഡ് റിസോർട്ട്സ് (പ്ലാറ്റിനം മെയിൻ സ്പോൺസർ), ഫാ. സിജോ പണ്ടപ്പള്ളിൽ - ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളജ് ഹോസ്പിറ്റൽ (ഹെൽത്ത് കെയർ പാർട്ണർ), ബിജു കിഴക്കേക്കുറ്റ് (ഗോൾഡ് സ്പോൺസർ), വിൽസന്റ് ബാബുക്കുട്ടി (ഗോൾഡൻ പേട്രൺ-മെൽബ കോൺട്രാക്റ്റിങ് കമ്പനി), തോമസ് ജോർജ് മൊട്ടക്കൽ (ഗോൾഡ് സ്പോൺസർ-തോമർ കൺസ്ട്രക്ഷൻ ഗ്രൂപ്പ് ചെയർമാൻ, വേൾഡ് മലയാളി കൗൺസിൽ പ്രസിഡന്റ്), നോഹ ജോർജ് (ഗോൾഡ് സ്പോൺസർ- ഗ്ലോബൽ കൊലീഷൻ & ബോഡി വർക്സ്), ഡോ. ബാബു സ്റ്റീഫൻ (ഗോൾഡ് സ്പോൺസർ-വേൾഡ് മലയാളി കൗൺസിൽ പ്രസിഡന്റ്), സജി മോൻ ആന്റണി (ഗോൾഡ് സ്പോൺസർ-ഫൊക്കാന പ്രസിഡന്റ്), അനിൽ കുമാർ ആറന്മുള (ഗോൾഡ് സ്പോൺസർ), ജോൺ പി ജോൺ , കാനഡ (ഗോൾഡ് സ്പോൺസർ), ബേബി ഊരാളിൽ , വർക്കി എബ്രഹാം ,ജോൺ ടൈറ്റസ്, ജോയ് നേടിയകാലായിൽ (എലൈറ്റ് സ്പോൺസേർസ്), ബോബി എം ജേക്കബ് -സി എം ഡി-അന്നാ കിറ്റക്സ് ഗ്രൂപ്പ്, സാറാസ് , ഗ്രേസ് സപ്ലൈ യു എസ് എ INC ,(ഇവന്റ് പാർട്ണർ), ജോസഫ് എം കുന്നേൽ, Esq. & ജിമ്മി എം കുന്നേൽ, Esq.(സിൽവർ സ്പോൺസർ), ബേബി മണക്കുന്നേൽ, ഫോമാ പ്രസിഡന്റ് (.(സിൽവർ സ്പോൺസർ), ഡോ. കൃഷ്ണ കിഷോർ (സിൽവർ പേട്രൺ), ജോസഫ് കാഞ്ഞമല (CPA, CGMA, FCA- (സിൽവർ പേട്രൺ), മധു കൊട്ടാരക്കര (സിൽവർ പേട്രൺ), മോൻസി വർഗീസ് -കേരളം സമാജം, യോങ്കേഴ്സ് പ്രസിഡന്റ് -.(സിൽവർ സ്പോൺസർ), ജോയ് ആലുക്കാസ് (സിൽവർ സ്പോൺസർ), പി ടി . തോമസ്-പി ടി . തോമസ് Inc (സിൽവർ സ്പോൺസർ), ജിബിറ്റ് കിഴക്കേക്കുറ്റ് (സിൽവർ സ്പോൺസർ), ജോസ് വറുഗീസ് - ജോസ്കോ ടൂർസ് ആൻഡ് ട്രാവൽ- (സിൽവർ പേട്രൺ), ജേക്കബ് എബ്രഹാം , സജി ഹെഡ്ജ് - (സിൽവർ സ്പോൺസർ), തോമസ് കോശി , എസ് എസ് കമ്മോഡിറ്റിസ്-(സിൽവർ പേട്രൺ), ജെയിംസ് ജോർജ് -വെൽ കെയർ ഫാർമസി -(സിൽവർ സ്പോൺസർ), ടോണി കിഴക്കേക്കുറ്റ് (സിൽവർ പേട്രൺ), റാണി തോമസ് -ബെറാഖ സ്റ്റഡി എബ്രോഡ് , മാനേജിങ് ഡയറക്റ്റർ-എജുക്കേഷൻ പാർട്ണർ), അജോ മോൻ പൂത്തുറയിൽ (ബെനിഫാക്റ്റർ), കുരുവിള ജെയിംസ് (ബെനിഫാക്റ്റർ), ജയ്ബു മാത്യു(ബെനിഫാക്റ്റർ), പോൾസൺ മാത്യു (ബെനിഫാക്റ്റർ), സിജോ വടക്കൻ-ട്രിനിറ്റി ടെക്സാസ് റിയൽറ്റി (ബെനിഫാക്റ്റർ), രാജൻ തോമസ്-സിനിമ പ്രൊഡ്യൂസർ & ആക്ടർ (ബെനിഫാക്റ്റർ), ഷിനു ജോസഫ് (ബെനിഫാക്റ്റർ), സുധ കർത്താ ,CPA -കർത്താ ഫിനാൻഷ്യൽ (ബെനിഫാക്റ്റർ), സണ്ണി കല്ലൂപ്പാറ,-സീരിയൽ,സിനി ആർട്ടിസ്റ്റ് (ബെനിഫാക്റ്റർ), ശിവ് പണിക്കർ (സിൽവർ സ്പോൺസർ), ജേക്കബ് ചൂരവടി, റോക്ക്ലൻഡ് (ബെനിഫാക്റ്റർ),ഡോ . മാത്യു വറുഗീസ്, ഡിട്രോയിറ്റ് -ഫൊക്കാന ഫൗണ്ടേഷൻ ചെയർമാൻ (ബ്രോൺസ് സ്പോൺസർ), വിജി എബ്രഹാം -(ബ്രോൺസ് സ്പോൺസർ) എന്നിവരാണ് പരിപാടിയുടെ സ്പോൺസേഴ്സ്.മാധ്യമ പ്രവർത്തന വഴികളിൽ പുതിയ ഉൾക്കാഴ്ചയോടെയും പുതിയ ദിശാബോധത്തോടെയും പ്രബുദ്ധതയിലും ഒരുമയിലും ഷെറാട്ടണിൽ ഒത്തു ചേരുമ്പോൾ ഒരു പുതു ഉണർവും ഊർജവും മനസ്സിൽ നിറയുന്നു. ഒരുമിച്ച് നീങ്ങാം , പ്രതീക്ഷയോടെ മുന്നേറാം, ഇൻഡ്യാ പ്രസ് ക്ലബ് സമ്മേളനത്തിന് സ്നേഹം നിറയുന്ന ആശംസകൾ.

ഇന്ത്യ പ്രസ് ക്ലബ് സമ്മേളനത്തിൽ കുര്യൻ പാമ്പാടി: മലയാള പത്രപ്രവർത്തന രംഗത്തെ തലതൊട്ടപ്പന്മാരിൽ ഒരാൾ ബിജു സക്കറിയ | ചിക്കാഗോ ചാപ്റ്റർ പ്രസിഡന്റ്



ആറു പതിറ്റാണ്ടിലേറെക്കാലത്തെ അനുഭവപരിജ്ഞാനമുള്ള പത്രപ്രവർത്തകനാണ് കുര്യൻ പാമ്പാടി. 1962 ൽ മലയാള മനോരമ തുടക്കമിട്ട മാമ്മൻ മാപ്പിള സ്കോളർഷിപ് ഫോർ ട്രെയിനിങ് ഇൻ ജേണലിസം നേടിയ ആദ്യത്തെ നാലുപേരിൽ ഒരാൾ. അന്നു പത്രത്തിന് 65,000 കോപ്പി പ്രചാരം. പിന്നീടത് 24 ലക്ഷം കവിഞ്ഞു.

കൊൽക്കത്തയിൽ 1975 ൽ നടന്ന വേൾഡ് ടേബിൾ ടെന്നീസ് റിപ്പോർട്ട് ചെയ്താണ് ആദ്യത്തെ 'ബിഗ് ബ്രെയ്ക്ക്.' ഇന്ത്യ – ചൈന സംഘട്ടനത്തിനു ശേഷം നിർജീവമായ ബന്ധത്തിനു പുനർജീവൻ നൽകി ചൈന ആദ്യമായി കൊൽക്കത്തയിലേക്ക് അവരുടെ പിങ്പോങ് ടീമിനെ നിയോഗിച്ചു. കളിയും രാഷ്ട്രീയവും കൂടിക്കലർന്ന ഇരുപത്തിമൂന്നാം ലോക ടേബിൾ ടെന്നിസിന് അങ്ങനെ ചരിത്രപ്രാധാന്യം കൈവന്നു.

ഇരുപത്തൊന്നാം ഒളിംപ്യാഡ് റിപ്പോർട്ട് ചെയ്യാൻ 1976ൽ മോൺട്രിയോളിൽ പോയതോടെ ഒളിംപിക്സിന് അക്രഡിറ്റേഷൻ ലഭിച്ച ആദ്യ മലയാളിയുമായി.

മോൺട്രിയോളിലെ ഏക മലയാളിതാരം ലോഹ് ജംപർ ടി.സി. യോഹന്നാന് കേരളത്തിൽ നിന്നുള്ള ഏക റിപ്പോർട്ടറുമായി ആത്മബന്ധം ഉദിച്ചതിൽ അത്ഭുതമില്ല. അന്ന് ഒളിംപിക്സ് വില്ലേജ് സന്ദർശിച്ചപ്പോൾ ഒരു കൂട നിറയെ ഭക്ഷണസാധനങ്ങൾ കൊടുത്തയച്ചത് ഇന്നും ഓർക്കുന്നു. കേരളത്തിന്റെ ഒരേ ഒരു ഉഷയും പാമ്പാടിയുടെ ആത്മബന്ധുവാണ്.

ജാർഖണ്ഡ് സംസ്ഥാനം രൂപീകരിക്കാൻ ഇടയാക്കിയ ബിഹാറിലെ നീണ്ടകാലത്തെ ആദിവാസി സമരം നയിച്ച കുട്ടനാട്ടുകാരിയായ ജോസ്ന എന്ന കത്തോലിക്കാ കന്യാസ്ത്രീയുടെ കഥ റിപ്പോർട്ട് ചെയ്തതിന് 1980 ലെ സ്റ്റേറ്റ്സ്മാൻ പുരസ്കാരം ലഭിച്ചു. നോട്ടർഡാം കോൺഗ്രിഗേഷനിൽ അംഗമായിരുന്ന സിസ്റ്റർ ജോസ്ന മേലധികാരികൾ വിലക്കിയപ്പോൾ കുപ്പായം വലിച്ചെറിഞ്ഞു സമരം നയിച്ചു. ആ റിപ്പോർട്ട് കറന്റ് ബുക്സ് പുസ്തകമാക്കി, 'സിംഹഭൂമിയിൽ' എന്ന പേരിൽ.

മുംബൈ ആസ്ഥാനമാക്കി കിഡ്നി വാങ്ങി വിൽക്കുന്ന ഒരു ഗൂഢസംഘത്തെക്കുറിച്ചുള്ള അന്വേഷണാത്മക റിപ്പോർട്ടിങ്ങിന് 1987ൽ മികച്ച റിപ്പോർട്ടിനുള്ള കേരള ഗവൺമെന്റിന്റെ അവാർഡ് ലഭിച്ചതാണു മറ്റൊന്ന്. 'നരഭോജികൾ' എന്നായിരുന്നു പാരമ്പരയുടെ ശീർഷകം.

റിപ്പോർട്ടിങ് ദൗത്യവുമായി ബംഗ്ലാദേശ്, ശ്രീലങ്ക, നേപ്പാൾ, യുഎസ്, യുകെ, പശ്ചിമ യൂറോപ്പ്, ഈസ്റ്റ് ആഫ്രിക്ക, ജപ്പാൻ എന്നിവിടങ്ങളിൽ സഞ്ചരിച്ചിട്ടുണ്ട്. ഒളിംപിക്സ് നടന്ന കാനഡയിൽ 42 വർഷങ്ങൾക്കു ശേഷം 2018 ൽ വീണ്ടും പര്യടനം നടത്തി, പത്നീസമേതം.

ഹെഡ്മാസ്റ്റർ ആയിരുന്ന എം. വർഗീസിന്റെയും ഏലിയാമ്മയുടെയും മകനായി 1941 ജൂലൈ 17നു പാമ്പാടിയിൽ ജനിച്ചു. സിഎംഎസ് കോളജിൽ നിന്ന് ഇംഗ്ലിഷ് സാഹിത്യത്തിൽ എംഎ. ജേണലിസത്തിൽ മറ്റൊരു എംഎ കൂടിയെടുത്ത് പ്രഫ. രാജൻ ഗുരുക്കളുടെ കീഴിൽ എംജി യൂണിവേഴ്സിറ്റിയിൽ ഡോക്ടറൽ ഗവേഷണം. വിഷയം: സാമൂഹിക പരിവർത്തനത്തിൽ പത്രപ്രവർത്തകന്റെ പങ്ക് – മലയാള മനോരമയെക്കുറിച്ചുള്ള പഠനം.

രണ്ടു ജർമനികൾ, സിംഹഭൂമിയിൽ, സ്വർണഗദ്ദ സുവർണ ബംഗ്ല, ന്യൂസ് ബ്രെയ്ക്കറുടെ ലോകായനം, വയനാട്ടിലെ ചെറിബ്ലോസം തുടങ്ങി ഏതാനും പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.


മെഡിക്കൽ കോളജിൽ അധ്യാപികയായിരുന്ന ഗ്രേസി ഭാര്യ. മക്കൾ: അനൂപ്, അരുൺ.






















India Press Club of North America
IPCNA



2025 OCTOBER 09 10 11
At SHERATON
Edison, New Jersey

N.K. Premachandran
Member of Parliament
Former Minister | Central Secretariate Member
Executive Committee Member of the Constitution Club



FOR MORE DETAILS
Sunil Tristar 1-917-662-1122 | Shijo Poulose 1-201-238-9654 | Vishakh Cherian 1-757-756-7374
www.indiapressclub.org | indiapressclubofna@gmail.com

FOKANA
REGIONAL CONVENTION & YOUTH FESTIVAL 2025
REGION -3 (NEWYORK - UPSTATE)
OCT 25 9 AM-9 PM
Knanaya Community Center
400 Willow Grove Rd,
Stony Point, Rockland County, NY-10980.



Programs:
Playing Cards Game,
28, Rummy,
Food Festival,
Spelling BEE Competition,
Youth Festival,
Fokana Convention Kickoff,
Cultural Programs,
Dinner.

Fr. DAVIS CHIRAMEL
Our Chief Guest
Chairman, Kidney Federation of India
Motivational speaker



Manage Your Property
Property Management Network
Facilities Management, Building Maintenance, Energy Performance Monitoring, Asset & Risk Management.




Regular House Checks,
Damage Reports, Photos,
Mail Forwarding
+91 9778349100

Our service areas:
1. Periodic visit
2. Regular House/flat check
3. Damage reporting with photos/ videos
4.General maintenance
5.Weekly/Monthly cleaning
6. Weed clearing
7. Pest Control
8. Paying utility bills (Tax, broadband, electricity, water,DTH,gas,cctv)
9. Renovation works
10. Plot clearing and facility management
11. Rental/ sale assistance

Our services are provided in and around Cochin, Kottayam, Alapuzha, Pathanamthitta and Trivandrum.

For more details contact us on +919778349100

നിങ്ങളുടെ അടഞ്ഞുകിടക്കുന്ന വീടോ പ്ലാറ്റോ സ്ഥലമോ നോക്കാൻ ആളില്ലാതെ വിഷമിക്കുകയാണോ?
എങ്കിൽ പ്രോപ്പർട്ടി മാനേജ്മെന്റ് ടീമിനെ ഏൽപ്പിക്കൂ
നിങ്ങൾക്ക് ആവശ്യമായിട്ടുള്ള എല്ലാ സേവനങ്ങളും ചെയ്തുതരും
ഫോൺ- 9778349100



സ്വർണ്ണാഭരണങ്ങൾ വിൽക്കുമ്പോൾ
ഏറ്റവും ഉയർന്ന വില ലഭിക്കുവാൻ, വിളിക്കൂ...
9605620077



KOYIKKARAS
GOLD & DIAMONDS
PIONEER TOWER, MARINE DRIVE, ERNAKULAM





Shanmugham Road, Pioneer Tower, Marine Drive, Ernakulam
6238148686, 94471 56894 9605620077
www.koyikkarasgold.com

മാധ്യമരംഗത്തിന്റെ ശാന്തശബ്ദം ജോണി ലൂക്കോസ് ഇന്ത്യാ പ്രസ് ക്ലബ് അന്താരാഷ്ട്ര മാധ്യമസമ്മേളനത്തിൽ പങ്കെടുക്കുന്നു



ന്യൂജേഴ്സി എഡിസൺ: ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാമത് അന്താരാഷ്ട്ര മാധ്യമ കോൺഫറൻസിൽ അതിഥിയായി എത്തുന്നത് മാധ്യമരംഗത്തെ ശാന്തശബ്ദമായ ജോണി ലൂക്കോസ്. 2006 മുതൽ മനോരമ ന്യൂസ് ചാനലിൽ ന്യൂസ് ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന ജോണി ലൂക്കോസ്, കേരളത്തിലെ മാധ്യമരംഗത്തെ സ്വാധീനിക്കുന്ന പ്രമുഖരിൽ ഒരാളായി പരിഗണിക്കപ്പെടുന്നു. മാധ്യമശ്രീ അവാർഡ് ജേതാവുമായ അദ്ദേഹം പ്രക്ഷേപണ ചരിത്രത്തിന്റെ ഭാഗമായി മുന്നേറുന്ന അപൂർവ മാധ്യമപ്രവർത്തകനാണ്.

ന്യൂജേഴ്സിയിലെ എഡിസൺ ഹോട്ടൽ സമുച്ചയത്തിലാണ് ഒക്ടോബർ 9 മുതൽ 11 വരെ സമ്മേളനം നടക്കുന്നത്. പ്രവേശനം പൂർണ്ണമായും സൗജന്യമായിരിക്കും. പ്രഭാതഭക്ഷണത്തിൽ നിന്ന് വിഭവസമൃദ്ധമായ അത്താഴവിരുന്ന് വരെ പങ്കെടുത്തവർക്ക് ഒരുക്കിയിട്ടുണ്ട്.

ഏഴുനൂറിലധികം എപ്പിസോഡുകൾ പിന്നിട്ട മനോരമ ന്യൂസിന്റെ അഭിമുഖപരിപാടിയായ “നേരേചൊവ്വേ”, ജോണി ലൂക്കോസിന്റെ നിഷ്കളങ്കവും സൗമ്യവുമായ അവതരണശൈലിയിലൂടെ വലിയ സ്വീകാര്യത നേടി. കടന്നാക്രമണ രീതിയിലല്ലാതെ, നിശിതമായ ചോദ്യങ്ങളിലൂടെ വിവരങ്ങൾ പുറത്തെടുക്കുന്ന അദ്ദേഹത്തിന്റെ ശൈലി പ്രേക്ഷകർക്കും അഭിമുഖദായകർക്കും ഒരുപോലെ ആസ്വാദ്യമാണ്.

കോട്ടയം ജില്ലയിലെ അതിരമ്പുഴ പാറപ്പുറത്ത് ലൂക്കായുടെയും അന്നമ്മയുടെയും മകനായി ജനിച്ച ജോണി ലൂക്കോസ്, ഇംഗ്ലീഷ് സാഹിത്യത്തിൽ കോട്ടയം സി.എം.എസ്. കോളേജിൽ നിന്ന് ബിരുദാനന്തരബിരുദം നേടി. വിദ്യാർത്ഥിരാഷ്ട്രീയത്തിൽ സജീവമായിരുന്ന അദ്ദേഹം സി.എം.എസ്. കോളേജ് യൂണിയൻ ചെയർമാനായി പ്രവർത്തിച്ചു. 1983-ൽ മലയാള മനോരമയിൽ ചേർന്ന അദ്ദേഹം കോട്ടയം, തൃശ്ശൂർ ജില്ലകളിൽ ജില്ലാ ലേഖകനായും, തുടർന്ന് തിരുവനന്തപുരം യൂണിറ്റിൽ ന്യൂസ് എഡിറ്ററായും സേവനമനുഷ്ഠിച്ചു.

അന്ന കിറ്റെക്സ് ഗ്രൂപ്പ് ഇന്ത്യ പ്രസ് ക്ലബ് അന്താരാഷ്ട്ര മാധ്യമസമ്മേളനത്തിന്റെ ഇവന്റ് പാർട്ണർ

ന്യൂജേഴ്സി എഡിസൺ: ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാമത് അന്താരാഷ്ട്ര മാധ്യമസമ്മേളനത്തിന് അന്ന കിറ്റെക്സ് ഗ്രൂപ്പ് ഇവന്റ് പാർട്ണറായി. ഒക്ടോബർ 9, 10, 11 തീയതികളിൽ എഡിസൺ ഷെറാട്ടൺ ഹോട്ടലിൽ വച്ച് നടക്കുന്ന ഈ വൻ സമ്മേളനത്തിൽ അന്ന കിറ്റെക്സ് ഗ്രൂപ്പ് സി.എം.ഡി ബോബി എം. ജേക്കബ് വിശിഷ്ടാതിഥിയായി പങ്കെടുക്കും.

1968-ൽ എം.സി. ജേക്കബ് സ്ഥാപിച്ച അന്ന അലുമിനിയം വഴിയാണ് കേരളത്തിലെ അലുമിനിയം വ്യവസായം പുതിയ അധ്യായം കുറിച്ചത്. ഗാർഹിക, വാണിജ്യ ആവശ്യങ്ങൾക്കായുള്ള അലുമിനിയം ഉൽപ്പന്നങ്ങളിൽ നിന്ന് തുടങ്ങി, തുണിത്തരങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, സമുദ്ര കയറ്റുമതി, ആരോഗ്യ സംരക്ഷണ വ്യവസായം തുടങ്ങി വ്യത്യസ്ത മേഖലകളിലേക്ക് വ്യാപിച്ചു വളർന്നതാണ് അന്ന ഗ്രൂപ്പ്.

2000-ൽ സ്ഥാപിതമായ കിറ്റെക്സ് വസ്ത്ര വിഭാഗം, വിദ്യാർത്ഥികൾക്കിടയിൽ ഏറെ ജനപ്രിയമായ സ്കൂബീ ഡേ സ്കൂൾ ബാഗുകൾ, ട്രാവൽഡേ ബാഗുകൾ എന്നിവയിലൂടെ വിപണിയിൽ ശ്രദ്ധേയ സ്ഥാനമുറപ്പിച്ചു. 1975-ൽ ആരംഭിച്ച സാറാസ് സ്പൈസസ് ബ്രാൻഡഡ് കറി പൗഡറുകളും മസാലകളും വിപണിയിൽ മുൻനിരയിൽ എത്തിച്ചു. 2018-ൽ അന്ന അലുമിനിയം റൂഫിംഗ് ഷീറ്റുകളും, 2020-ൽ റൂഫ്ഷീൽഡ് സ്റ്റീൽ റൂഫിംഗ് ഷീറ്റുകളും ആരംഭിച്ചതോടെ നിർമ്മാണ മേഖലയിലും ശക്തമായ സാന്നിധ്യം ഉറപ്പിച്ചു.

അത്യാധുനിക നിർമ്മാണ യൂണിറ്റുകളും, വിശാലമായ റീട്ടെയിൽ ശൃംഖലയും, ലോകമെമ്പാടുമുള്ള എക്സ്ക്ലൂസീവ് ഷോറൂമുകളും വഴി ഇന്ത്യ മുതൽ യുഎസ്, യൂറോപ്പ്, മിഡിൽ ഈസ്റ്റ്, ആഫ്രിക്ക, ഓസ്ട്രേലിയ എന്നിവിടങ്ങളിലായി വിശ്വസ്തരായ ഉപഭോക്തൃവൃന്ദം അന്ന ഗ്രൂപ്പ് നേടിയിട്ടുണ്ട്.

മൂന്ന് ദിവസം നീളുന്ന മാധ്യമസമ്മേളനത്തിൽ രാഷ്ട്രീയ, മാധ്യമ, സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെ പ്രമുഖർ പങ്കെടുക്കും. എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി പ്രസിഡന്റ് സുനിൽ ട്രൈസ്റ്റാർ, സെക്രട്ടറി ഷിജോ പൗലോസ്, ട്രഷറർ വിശാഖ് ചെറിയാൻ, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, നിയുക്ത പ്രസിഡന്റ് രാജു പള്ളത്ത്, വൈസ് പ്രസിഡന്റ് അനിൽകുമാർ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രഷറർ റോയ് മുളകുന്നം, കോൺഫറൻസ് ചെയർമാൻ സജി എബ്രഹാം, ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റ് ഷോളി കുമ്പിളുവേലി എന്നിവർ പത്രക്കുറിപ്പിലൂടെ അറിയിച്ചു.
സമ്മേളനത്തിലേക്ക് ഏവർക്കും പ്രവേശനം സൗജന്യമായിരിക്കുമെന്ന് സംഘാടകർ അറിയിച്ചു.





ഫോമയുടെ ആശംസയോടെ ഇന്ത്യ പ്രസ് ക്ലബ് അന്തർദേശീയ മാധ്യമ കോൺഫറൻസ് ആരംഭിക്കാനൊരുങ്ങുന്നു



ന്യൂയോർക്ക് • ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാമത് അന്താരാഷ്ട്ര മാധ്യമ കോൺഫറൻസിന് ഫോമ (FOMAA) ഹൃദയം നിറഞ്ഞ ആശംസകൾ നേർന്നു.

ഒക്ടോബർ 9, 10, 11 തീയതികളിൽ ന്യൂജേഴ്സിയിലെ എഡിസൺ ഷെറാട്ടൺ ഹോട്ടലിൽ വച്ച് നടക്കാനിരിക്കുന്ന ഈ സമ്മേളനത്തോടനുബന്ധിച്ച് ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ ആശംസാ സന്ദേശം നൽകി.

ഫോമയുടെ വളർച്ചയ്ക്ക് ഇന്ത്യ പ്രസ് ക്ലബ് നൽകിയിട്ടുള്ള സഹായങ്ങൾ അനമോളമാണെന്നും, മാധ്യമ രംഗത്ത് സംഘടന നൽകുന്ന പിന്തുണ ഏറെ വിലപ്പെട്ടതാണെന്നും ബേബി മണക്കുന്നേൽ വ്യക്തമാക്കി. കോൺഫറൻസിനോടനുബന്ധിച്ച് ഫോമായുടെ എല്ലാ സഹകരണങ്ങളും ഉണ്ടാകുമെന്നും അദ്ദേഹം ഉറപ്പു നൽകി.

